

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/03/2024

1. കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ലളിതമായ വ്യവസ്ഥയിൽ മൃഗങ്ങളെ വാങ്ങാൻ വ്യക്തികൾക്കും / ഗ്രൂപ്പുകൾക്കും 3 ലക്ഷം രൂപ വരെ വായ്പനൽകുന്നു. അതതു ബാങ്കിൻ്റെ പലിശ നിരക്ക് ബാധകം. പശു/ ആട്/ കോഴി/ മുയൽ എന്നിവയ്ക്ക് 1,60,000 രൂപ വരെ സെക്യൂരിറ്റി നൽകേണ്ടതില്ല. ഈ തുകയ്ക്കു മുകളിലാണെങ്കിൽ സെക്യൂരിറ്റി വേണം. പരമാവധി 3 ലക്ഷം രൂപ വരെ ലോൺ നൽകും. അപേക്ഷാ ഫോം എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാർ കാർഡ്, റേഷൻ കാർഡ്, കരം അടച്ച രസീത് എന്നിവയുടെ കോപ്പികൾ സഹിതം മൃഗാശുപത്രിയിൽ അപേക്ഷ നൽകാം.

2. സംസ്ഥാനസർക്കാർ മത്സ്യവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന വിവിധ ഘടകപദ്ധതികളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അർധ ഊർജ്ജിത (തിലാപ്പിയ, ആസാംവാള, വരാൽ, അനബാസ്, കാർപ്പ്) മത്സ്യകൃഷി, പടുതാകുളങ്ങളിലെ (ആസാംവാള, വരാൽ, അനബാസ്) മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ), ബയോഫ്ളോക്കിലെ മത്സ്യകൃഷി (തിലാപ്പിയ) എന്നിവയാണ് ഘടകപദ്ധതികൾ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 30. അപേക്ഷ ഫോമുകളും കൂടുതൽ വിവരങ്ങളും നെടുങ്കണ്ടം മത്സ്യഭവൻ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാർ എന്നിവരിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ മത്സ്യഭവൻ ഇടുക്കി- 04862 233226, മത്സ്യഭവൻ നെടുങ്കണ്ടം- 04868 234505 എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**പരിശീലന പരിപാടി**

4. റബ്ബർബോർഡ് റബ്ബറുത്പന്നനിർമ്മാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോഴ്സ് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഏപ്രിൽ 03-ന് ആരംഭിക്കും. റബ്ബറുത്പന്നനിർമ്മാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ കോമ്പൗണ്ടിങ്, ഉത്പന്നനിർമ്മാണം, അസംസ്കൃതവസ്തുക്കളുടെയും ഉത്പന്നങ്ങളുടെയും പരിശോധന, ലാറ്റക്സ് ടെക്നോളജി എന്നിവയിലെല്ലാം പ്രാവീണ്യം നേടാം. അക്കാദമിക/ വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 9446976726 എന്ന നമ്പറിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

കാർഷിക നിർദ്ദേശം - നെല്ല്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. വേനൽക്കാലത്ത് നെൽപ്പാടങ്ങളിൽ തണ്ടുതുരപ്പന്റെ ആക്രമണം സാധാരണയാണ്. മഞ്ഞയോ വെള്ളയോ നിറത്തിൽ കാണപ്പെടുന്ന ശലഭങ്ങളാണിവ. നെല്ലിൻ്റെ വളർച്ചയിലെ എല്ലാ ഘട്ടങ്ങളിലും ഈ കീടത്തിന്റെ ശല്യമുണ്ടാകാം. ഇവ നെല്ലോലകളുടെ മുകൾഭാഗത്ത് കൂട്ടമായി മുട്ടയിടുകയും അതു വിരിഞ്ഞിറങ്ങുന്ന പുഴുക്കൾ നെൽച്ചെടിയുടെ തണ്ടുതുരന്ന് ഉള്ളിലെ കോശങ്ങൾ തിന്നുതീർക്കുകയും ചെയ്യും.. നെല്ലിന്റെ ചിനപ്പുപൊട്ടുന്ന ഘട്ടത്തിൽ തണ്ടുതുരപ്പൻ ആക്രമിച്ചാൽ നാമ്പോല വാടിപ്പോവുകയും നടുനാമ്പുവാട്ടം ഉണ്ടാവുകയും ചെയ്യും. കതിരുവരുന്ന ഘട്ടത്തിലാണ് ആക്രമിക്കുന്നതെങ്കിൽ കതിരിലെ നെന്മണികളെല്ലാം പതിരായി മാറി വെൺകതിർ ഉണ്ടാകുന്നു.നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി, ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിൻ്റെ മുട്ടക്കാർഡുകൾ ഒരേക്കറിന് 2 CC എന്ന കണക്കിൽ ഞാറുപറിച്ചുനട്ട് ഒരാഴ്ചക്കുശേഷം സ്ഥാപിക്കുക. (ട്രൈക്കോഗ്രമ്മ മുട്ടകാർഡ് ഏക്കറിന് 2 കാർഡ് 20 കഷണം, 5 സെൻ്റിനു 1 കഷണം). ശലഭത്തെ നെൽച്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരിരൂപത്തിലുള്ള കീടനാശിനി ഒരേക്കറിന് 5 കി.ഗ്രാം എന്ന തോതിൽ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൽ ഒരേക്കറിന് 4 കി.ഗ്രാം എന്നതോതിൽ അല്ലെങ്കിൽ ഫിപ്രോനിൽ 3 ഗ്രാം ഒരേക്കറിന് 6 കി.ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം